# കേരള സർവകലാശാല

നം. പി.ആർ.055/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

## പുതുക്കിയ പരീക്ഷാതീയതി

2017 ഡിസംബർ ആറിന് നടത്താനിരുന്ന കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് അഞ്ചാം സെമസ്റ്റർ ബി.എസ്‌സി ഇലക്ട്രോണിക്സ് (2015 അഡ്മിഷൻ) (കോർ കോഴ്സ്-ഇ.എക്സ് 1543) ഡിജിറ്റൽ കമ്മ്യൂണിക്കേഷൻ പരീക്ഷ മാർച്ച് 14-ന് ഉച്ചയ്ക്ക് 1.30 മുതൽ 4.30 അതത് പരീക്ഷാകേന്ദ്രങ്ങളിൽ വച്ച് നടത്തും.

## വാർഷിക പൊതുയോഗം

കാര്യവട്ടം യൂണിവേഴ്സിറ്റി എഞ്ചിനീയറിംഗ് കോളേജിലെ പി.ടി.എ-യുടെ വാർഷിക പൊതുയോഗം മാർച്ച് 10 ശനിയാഴ്ച രാവിലെ 10 മണിക്ക് കോളേജ് ഓഡിറ്റോറിയത്തിൽ വച്ച് നടത്തും. അന്നേ ദിവസം എല്ലാ രക്ഷിതാക്കളും കോളേജ് ഓഡിറ്റോറിയത്തിൽ ഹാജരാകണം.

## പി.ജി.ഡി.സി.എ ഫലം

വിദൂരവിദ്യാഭ്യാസ പഠനകേന്ദ്രം 2017 നവംബറിൽ നടത്തിയ ഒന്നും രണ്ടും സെമസ്റ്റർ പി.ജി.ഡി.സി.എ (സപ്ലിമെന്ററി) പരീക്ഷയുടെയും മൂന്നാം സെമസ്റ്റർ പി.ജി.ഡി.സി.എ (റഗുലർ ആന്റ് സപ്ലിമെന്ററി) പരീക്ഷയുടെയും ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.എച്ച്.എസ്‌സി സി.സി.ഡി ഫലം

വിദൂരവിദ്യാഭ്യാസ പഠനകേന്ദ്രം 2017 ആഗസ്റ്റിൽ നടത്തിയ ഒന്നും രണ്ടും വർഷ എം.എച്ച്.എസ്‌സി സി.സി.ഡി സപ്ലിമെന്ററി പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.എസ്‌സി, എം.എം.സി.ജെ ഫലം

2017 ഫെബ്രുവരിയിൽ നടന്ന ഒന്നാം സെമസ്റ്റർ എം.എസ്‌സി മൈക്രോബയോളജി, എം.എം.സി.ജെ പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.കോം ഫലം

2017 ജൂണിൽ നടത്തിയ നാലാം സെമസ്റ്റർ ബി.കോം (162) ഹിയറിങ് ഇംപയേർഡിന്റെ (2015 അഡ്മിഷൻ - റഗുലർ, 2013 & 2014 അഡ്മിഷൻ - സപ്ലിമെന്ററി), ആറാം സെമസ്റ്റർ ബി.കോം (162) ഹിയറിങ് ഇംപയേർഡിന്റെ (2013 & 2014 അഡ്മിഷൻ - റഗുലർ) ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനുള്ള അവസാന തീയതി ഏപ്രിൽ അഞ്ച്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## കെ മാറ്റ് കേരള 2018 പരീക്ഷയ്ക്കുള്ള അപേക്ഷകൾ സ്വീകരിച്ചു തുടങ്ങി

കേരള സർവകലാശാലയുടെ ആഭിമുഖ്യത്തിലും പ്രവേശനമേൽനോട്ട സമിതിയുടെ നിയന്ത്രണത്തിലും നടത്തുന്ന എം.ബി.എ 2018-19 അക്കാഡമിക് വർഷത്തെ പ്രവേശനത്തിനായുള്ള കെ മാറ്റ് കേരള 2018-ന്റെ ഈ വർഷത്തെ രണ്ടാമത്തെ പ്രവേശന പരീക്ഷ 2018 ജൂൺ 24-ന് കേരളത്തിലെ വിവിധ കേന്ദ്രങ്ങളിലും ബംഗളൂരു, മംഗളുരു, ചെന്നൈ, കോയമ്പത്തൂർ എന്നീ കേന്ദ്രങ്ങളിലും വച്ച് നടത്തും. കേരളത്തിനു പുറത്തെ കേന്ദ്രങ്ങളിൽ കുറഞ്ഞത് 100 അപേക്ഷാർത്ഥികൾ ഇല്ലാത്ത പക്ഷം അപേക്ഷകരെ തൊട്ട് അടുത്ത കേന്ദ്രത്തിലേക്ക് മാറ്റുന്നതാണ്. അവസാന വർഷ ബിരുദ വിദ്യാർത്ഥികൾക്കും പരീക്ഷാഫലം പ്രതീക്ഷിക്കുന്നവർക്കും കെ മാറ്റ് കേരള പ്രവേശന പരീക്ഷയ്ക്ക് അപേക്ഷിക്കാം. അപേക്ഷകൾ മാർച്ച് ഒൻപത് വൈകുന്നേരം 5 മണി മുതൽ ഓൺലൈനായി സമർപ്പിക്കാം. വിശദവിവരങ്ങൾ kmatkerala.in വെബ്സൈറ്റിലും, സർവകലാശാല വെബ്സൈറ്റിൽ (www.keralauniversity.ac.in) ന്യൂസ് എന്ന ലിങ്കിലും ലഭിക്കും.

## കായിക പരിശീലന ക്യാമ്പ്

കേരള സർവകലാശാല കായിക പഠന വകുപ്പ് സ്കൂൾ വിദ്യാർത്ഥികൾക്കായി സംഘടിപ്പിക്കുന്ന വാർഷിക വേനൽക്കാല കായിക പരിശീലന ക്യാമ്പ് ഏപ്രിൽ അഞ്ച് മുതൽ മേയ് അഞ്ച് വരെ കേരള യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിൽ നടത്തും. അത്‌ലറ്റിക്സ്, ഫുട്ബോൾ, കബഡി, ഖോ ഖോ എന്നീ ഇനങ്ങളിൽ പരിശീലനം നൽകും. 12 മുതൽ 18 വരെ പ്രായമുള്ള കുട്ടികൾക്ക് ക്യാമ്പിൽ പങ്കെടുക്കാം. പരിശീലന സമയം രാവിലെ 6.30 മുതൽ 8.30 വരെ. രജിസ്ട്രേഷൻ ഫീസ് 600 രൂപ. ക്യാമ്പിൽ പങ്കെടുക്കുന്നവർക്ക് ലഘു ഭക്ഷണം നൽകും. അപേക്ഷ ഫോം കേരള യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിൽ പ്രവർത്തിക്കുന്ന കായിക പഠന വകുപ്പ് ഓഫീസിൽ പ്രവർത്തിസമയങ്ങളിൽ ലഭിക്കും.

## പ്രൊജക്റ്റിലേക്ക് അപേക്ഷ ക്ഷണിക്കുന്നു

കേരള സർവകലാശാല ഡിപ്പാർട്ട്മെന്റ് ഓഫ് കമ്പ്യൂട്ടേഷണൽ ബയോളജി ആന്റ് ബയോ ഇൻഫർമാറ്റിക്സിലെ "Whole Genome Transcriptome Sequencing of Evolvulus alsinoids" പ്രോജക്ടിലേക്ക് നെക്സ്റ്റ് ജനറേഷൻ സീക്വൻസിംഗ് സർവീസിന് വേണ്ടി ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. വിശദവിവരങ്ങൾക്ക് www.dcb.res.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

തിരുവനന്തപുരം.
08.03.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ